മെട്രോ വാർത്ത
17 February 2017

# മീനുകളെ തിരിച്ചറിയാൻ മൊബൈൽ ആപ്പ്

കൊച്ചി: മീനുകളെ തിരിച്ചറിയാനുള്ള മൊബൈൽ ആപ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര, ഭക്ഷ്യ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് മൊബൈൽ ആപ്പ്. സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ചാണ് മൊബൈൽ ആപ്പ് തയാറാക്കിയിരിക്കുന്നത്. നാളെ ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടന വേളയിൽ ഗവർണർ ജസ്റ്റിസ് പി. സദാശിവം ആപ്പ് ഔദ്യോഗികമായി പുറത്തിറക്കും.




കടൽ മീനുകൾ കയറ്റുമതി വ്യാപാരം നടത്തുന്നവർക്ക് മൊബൈൽ ആപ്പ് ഗുണകരമാകും. ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെ തന്നെ ഉപയോഗിക്കാവുന്ന രീതിയിലാണ് ആപ്പ് രൂപപ്പെടുത്തിയിട്ടുള്ളത്. സമാനരൂപത്തിൽ കാണപ്പെടുന്ന മത്സ്യയിനങ്ങളുടെ വേർതിരിവ് ലളിതമായി തന്നെ തിരിച്ചറിയാൻ ആപ്പ് വഴി സാധിക്കും. ആപ്പ് വികസിപ്പിച്ചത് സിഎംഎഫ്ആർഐയിലെ അടിത്തട്ട് മത്സ്യ വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖ ജെ. നായരാണ്. ആപ്പ് സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽ നിന്ന് (www.cmfri.org.in) ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

70 വർഷം പൂർത്തിയാക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷ പരിപാടികളാണു നാളെ തുടങ്ങുന്നത്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്റ്റർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിക്കും. എംപിഇഡിഎ ചെയർമാൻ എ. ജയതിലക് പങ്കെടുക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ കൊച്ചി ആസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 11 ഗവേഷണ കേന്ദ്രങ്ങളിലും വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.